# എ എൽ പി എസ് കൂഡാൽ മേർക്കള

**ആമുഖം**

ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട അറിവും കഴിവും അതാത് ക്ലാസിൽ തന്നെ നേടി എന്ന് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നിലവിൽ വന്നിരിക്കുന്നത്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ആവശ്യമായ പിന്തുണ നൽകി അവരെ മുന്നേറാൻ പ്രാപ്തരാക്കുന്നതിന് കൃത്യമായ ആസൂത്രണം ആവശ്യമായിട്ടുണ്ട്. പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്തു അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിൻ്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന പ്രതീക്ഷയോടെ അഭിമാനപൂർവ്വം സമർപ്പിക്കട്ടെ

എ എൽ പി എസ് ക്കുഡാൽ മേർക്കള,
ക്കുഡാൽ മേർക്കള
വാർഡിൽ പൈവളിഗേ ഗ്രാമപഞ്ചായത്തിലെ 10 വാർഡിൽ മഞ്ചേശ്വരം A. E. O. കീഴിൽ സുബ്ബയ്യക്കട്ട എന്ന സ്ഥലത്ത് 1937 ..ൽ ആരംഭിച്ച പൊതു വിദ്യാലയമാണ് ഏ. എൽ. പി. എസ് ക്കുഡാൽ മേർക്കള ഒന്നാം ക്ലാസുമുതൽ നാലാം ക്ലാസുവരെ രണ്ടു മീഡിയങ്ങളിലായി മലയാളം, കന്നഡ, അറബിക് പഠനം നല്ല രീതിയിൽ നടന്നു വരുന്നു. നിരവധി പ്രതിസന്ധികളെ തരണം ചെയ്തുകൊണ്ട് നിലവിൽ മികച്ച ഭൗതീക സൗകര്യവും അക്കാദ മിക നിലവാരവും ഒരുക്കാൻ നിലവിൽ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.8 ഡിവിഷനുകളിലായി 9 അധ്യാപകർ സേവനമനുഷ്ഠിക്കുന്നു. സ്കൂളിൻ്റെ ഇപ്പോഴത്തെ പ്രധാനാധ്യാപകൻ ശ്രീ പ്രകാശൻ മാഷാണ്.

പൊതുലക്ഷ്യങ്ങൾ

1.സ്കൂളിൽ എത്തുന്ന എല്ലാകുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2 ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക
3. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ശുചിത്വം തുടങ്ങിയവ കൃത്യമായി നടപ്പിലാക്കുക
4 കൃഷി, പൂന്തോട്ടം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിനായി ക്ലാസ്തല സംഘങ്ങൾ രൂപീകരിക്കുക
5. എല്ലാ കുട്ടികൾക്കും മലയാളം | കന്നട ഇംഗ്ലീഷ് അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
6. ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസിൽ ഉപയോഗിക്കുക.
7. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്ന തിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കുക.